©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2019 ജൂലൈ 16<br>16th July 2019<br>1194 മിഥുനം 31<br>31st Mithunam 1194<br>1941 ആഷാഢം 25<br>25th Ashadha 1941 | നമ്പർ<br>No. | 29 |

# PART III

# Police Department

ലേല പരസ്യം

നമ്പർ ഇ2(a)-54963/2018/ആർ. 2019 ജൂൺ 18.

തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ളതും തൃശ്ശൂർ ജില്ലാ സായുധസേനാ കമാണ്ടന്റിന്റെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതും പോലീസ് ഡിപ്പാർട്ട്മെന്റിന് ഉപയോഗയോഗ്യമല്ലാത്തതുമായ താഴെപ്പറയുന്ന വാഹനങ്ങൾ 1-8-2019-ാം തീയതി പകൽ 11 മണിക്ക് പ്രസ്തുത കാര്യാലയത്തിൽ വെച്ച് പരസ്യമായി ലേലം/ടെണ്ടർ വഴി വില്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | രജിസ്ട്രേഷൻ നമ്പർ | മോഡൽ | ഇനം | നിരതദ്രവ്യം ₹ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | KL 01 AM 198 | 2006 | മഹീന്ദ്രജീപ്പ് | 8,500 |
| 2 | KL 01 AD 4734 | 2004 | മഹീന്ദ്രജീപ്പ് | 6,500 |
| 3 | KL 01 AD 4926 | 2004 | മഹീന്ദ്രജീപ്പ് | 7,000 |
| 4 | KL 01 AM 207 | 2006 | മഹീന്ദ്രജീപ്പ് | 8,000 |
| 5 | KL 01 AD 4927 | 2004 | മഹീന്ദ്രജീപ്പ് | 7,000 |
| 6 | KL 01 AD 4739 | 2004 | മഹീന്ദ്രജീപ്പ് | 7,000 |
| 7 | KL 01 AA 4963 | 2003 | മഹീന്ദ്രജീപ്പ് | 6,300 |
| 8 | KL 01 AQ 4439 | 2007 | ടവേര | 7,000 |
| 9 | KL 01 AQ 4368 | 2007 | ടവേര | 6,500 |
| 10 | KL 01 AQ 7127 | 2007 | ഇൻവേഡർ | 4,800 |
| 11 | KL 01 AQ 7126 | 2007 | ഇൻവേഡർ | 4,800 |
| 12 | KL 01 AH 2509 | 2005 | ബജാജ് സിടി 100 | 200 |
| 13 | KL 01 AH 2464 | 2005 | ബജാജ് സിടി 100 | 200 |
| 14 | KL 01 AH 2463 | 2005 | ബജാജ് സിടി 100 | 200 |
| 15 | KL 01 AH 2503 | 2005 | ബജാജ് സിടി 100 | 200 |
| 16 | KL 01 X 9820 | 2002 | ഹിറോഹോണ്ട സിഡി 100 | 150 |
| 17 | KL 01 X 9825 | 2002 | ഹിറോഹോണ്ട സിഡി 100 | 150 |
| 18 | KL 01 AU 9878 | 2009 | ബോലേറോ ഇൻവേഡർ | 6,000 |
| 19 | KL 01 AU 9990 | 2009 | ബോലേറോ ഇൻവേഡർ | 6,000 |
| 20 | KL 01 AU 9914 | 2009 | ബോലേറോ ഇൻവേഡർ | 6,000 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ കൃത്യസമയത്ത് ലേലസ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് മേൽപ്പറഞ്ഞ വാഹനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം തിരികെ നൽകുന്നതാണ്.

ടി വാഹനങ്ങൾ വാങ്ങാൻ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ 28-7-2019-ാം തീയതി വൈകുന്നേരം 4 മണിക്ക് മുമ്പായി തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്. ദർഘാസിനോടൊപ്പം ഓരോ വാഹനത്തിനും നിരതദ്രവ്യമായി മേൽപ്പറഞ്ഞ നിരക്കിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ അടക്കം ചെയ്ത കവറിനുമുകളിൽ വാഹന ലേലത്തിനുള്ള ടെണ്ടർ എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതും ഓരോ വാഹനത്തിനുമുള്ള ദർഘാസുകൾ പ്രത്യേക കവറുകളിൽ അയയ്ക്കേണ്ടതുമാണ്.

ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ള ആൾക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം/ടെണ്ടർ സംഖ്യയുടെ പകുതി തുക (നിരതദ്രവ്യം കഴിച്ച്) ലേലം കൊണ്ടയാൾ ലേലസ്ഥലത്ത് വെച്ചുതന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 10 ദിവസത്തിനകം ബാക്കി തുകയും നിയമാനുസൃതമായ വിൽപ്പന നികുതിയും അടച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ വാഹനം നീക്കം ചെയ്യേണ്ടതാണ്.

ലേലം കൊണ്ടയാൾ ഈ നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും വാഹനം പുനർലേലം നടത്തുന്നതുമാണ്. പുനർ ലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദിയാകുന്നതും നഷ്ടപ്പെട്ട സംഖ്യ ടിയാനിൽ നിന്ന് ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതുമാണ്. പുനർലേലത്തിൽ കൂടുതൽ സംഖ്യ ലഭിച്ചാൽ ടിയാൻ ആയതിന് അവകാശി ആയിരിക്കുന്നതല്ല. ലേല വസ്തുക്കൾ (വാഹനം) ലേലത്തിനുമുമ്പുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെയുള്ള പ്രവൃത്തിസമയങ്ങളിൽ തൃശ്ശൂർ ജില്ലാ സായുധസേനാ ക്യാമ്പിൽ ഡെപ്യൂട്ടി കമാണ്ടന്റിന്റെ മുൻകൂർ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.

യാതൊരുകാരണവും കാണിക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം മാറ്റിവയ്ക്കുന്നതിനോ ലേലം/ദർഘാസ് വില്പന അസ്ഥിരപ്പെടുത്തുകയോ ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

District Police Office, Thrissur Rural.

Vijayakumaran, K. P. IPS,
*District Police Chief.*